KERALA CATHOLIC FEDERTATION

Laity Movement of
Kerala Catholic Bishop Conference (KCBC)
A State Level Federation of :
All Kerala Catholic Congress
Kerala Latin Catholic Association &
Malankara Catholic Association

All Kerala Press Release 24.06.2022

**ജീവനോപാധികൾ നഷ്ടപ്പെടുത്തിയുള്ള വികസനം അംഗീകരിക്കാനാവില്ല: ബിഷപ് മാർ മഠത്തിക്കണ്ടത്തിൽ**

കൊച്ചി: മനുഷ്യന്റെ വാസസ്ഥലവും, പ്രാഥമിക ജീവനോപാധികകളായ കൃഷി, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം എന്നിവ ഇല്ലാതാക്കി കൊണ്ടുള്ള ഏതൊരു തരത്തിലുള്ള വികസനവും, വിനാശ വികസനം മാത്ര മായിരിക്കുമെന്ന് കേരള കത്തോലിക്ക മെത്രാൻ സംഘം അല്മായ കമ്മീഷൻ ചെയർമാനും കോതമംഗലം രൂപത മെത്രാനുമായ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അഭിപ്രായപ്പെട്ടു. കേരള കാത്തലിക് ഫെഡറേഷൻ എറണാകുളം പി ഒ സി യിൽ സംഘടിപ്പിച്ച സംസ്ഥാനതല വികസന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.കെ.സി. എഫ് സംസ്ഥാന പ്രസിഡണ്ട് പ്രൊഫ.കെ.എം ഫ്രാൻസീസ് അധ്യക്ഷത വഹിച്ചു .കെ സി ബി സിസെക്രട്ടറിജനറൽ ബിഷപ്പ് ജോസഫ് മാർതോമസ് അനുഗ്രഹ പ്രഭാഷണം നടത്തി.കെ സി ബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി പാലയ്ക്കപ്പള്ളി ആമുഖ പ്രഭാഷണം നടത്തി .ഐടി മിഷൻ ഉപദേഷ്ടാവായിരുന്ന ജോസഫ് സി മാത്യു കെ റെയിൽ സാമൂഹിക ആഘാത പഠനം എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. പുനരധിവാസ പാക്കേജു കളിലെചതിക്കുഴികൾ എന്ന വിഷയത്തെക്കുറിച്ച് ഫാ.മൈക്കിൾ പുളിക്കലും, കാർഷികമേഖലയിലെ പ്രതിസന്ധികൾ എന്ന വിഷയത്തെക്കുറിച്ച് ജോസുകുട്ടി ഒഴുകയിൽ ,മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധികൾ എന്ന വിഷയത്തെക്കുറിച്ച് അഡ്വ ഷെറി ജെ തോമസ് എന്നിവർ വിവിധ വിഷയാവതരണങ്ങൾക്ക് നേതൃത്വം നൽകി .കത്തോലിക്കകോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ബിജു പറയനിലം, എംസിഎ ഗ്ലോബൽ ജനറൽ സെക്രട്ടറി വി.സി ജോർജ് കുട്ടി, കെ എൽ സി എ പ്രസിഡൻറ് ആൻറണി നെറോണ എന്നിവർ മോഡറേറ്റർ മാരായിരുന്നു. അഡ്വ.ജസ്റ്റിൻ കരിപ്പാട്ട്, വിപി മത്തായി, ഷിജി ജോൺസൺ ,ബാബു അമ്പലത്തുംകാല, വർഗീസ് കോയിക്കര ,രാജീവ് കൊച്ചുപറമ്പിൽ ,എൽദോസ്പൂക്കുന്നേൽ,ഫ്രാൻസീസ് കുളത്തിങ്കൽഎന്നിവർ പ്രസംഗിച്ചു. തൊമ്മി പിടിയത്ത്, ഇ ഡി ഫ്രാൻസീസ്, ജസ്റ്റീന ഇമ്മാനുവൽ, വത്സ ജോൺ എന്നിവർ വികസനസെമിനാറിന് നേതൃത്വം നൽകി.

**അഡ്വ. ജെസ്റ്റിൻ കരിപ്പാട്ട്,**
ജനറൽ സെക്രട്ടറി, കേരള കാത്തലിക് ഫെഡറേഷൻ

ഫോട്ടോ മാറ്റർ: കേരള കാത്തലിക് ഫെഡറേഷൻ എറണാകുളം പി ഒ സി യിൽ സംഘടിപ്പിച്ച സംസ്ഥാനതല വികസന സെമിനാർ അല്മായ കമ്മീഷൻ ചെയർമാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ഡോ. കെ.എം.ഫ്രാൻസിസ്, അഡ്വ.ജസ്റ്റിൻ കരിപ്പാട്ട്, വിപി മത്തായി, ജോസഫി സി. മാത്യു, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, അഡ്വ. ബിജു പറയനിലം, വി.സി ജോർജ് കുട്ടി, ആൻറണി നെറോണ, രാജീവ് കൊച്ചുപറമ്പിൽ, ടി.ജെ.ബെന്നി, തൊമ്മി പിടിയത്ത്, അഡ്വ. വർഗീസ് കോയിക്കര, ഷൈജി ടീച്ചർ, എന്നിവർ സമീപം.